വാല്യം 22 - സെപ്റ്റംബർ 2016

# അഗപെ കയ്യെഴുത്തു മാസിക

agape



## ഫീച്ചർ

മിഷനറി ചരിത്രം - സി.റ്റി സ്റ്റഡ്

ലേഖനം - സാജു ജോൺ മാത്യു

follow us:

+971 50 3243161

Gmail agape.magasine@gmail.com

http://www.facebook.com/pages/Agape-Magasine

web : www.agapemagazine.com

# അകാരാദി


മുഖവുര 3

തിറം ഉള്ളവരാകുക - ലേഖനം 6
ബ്രദർ. സാജു ജോൺ മാത്യു -

സഭയ്ക്കുള്ള ദൂത് - ലേഖനം 10
ബ്രദർ. ബെന്നി മണലി. കുവൈറ്റ്.

മിഷനറി ചരിത്രം - 17
സി. ടി. സ്റ്റഡ് -

വിശ്വസിക്കുവാൻ കൊള്ളുന്ന വചനം - ലേഖനം 28
ഷിബു ദാനിയേൽ -

പഴയ പാട്ടുകൾ
സാധു കൊച്ചുകുഞ്ഞു ഉപദേശി - 32

ചോദ്യാവലി. 35

# മുഖവുര



# മുഖവുര

പിതാവിനെ ഞങ്ങൾക്ക് കാണിച്ചു തരേണം എന്നു ചോദിക്കുന്ന ഫിലിപ്പോസിനോടുള്ള യേശു കർത്താവിന്റെ മറുപടി വ്യക്തവും ദൃഢവും ആയിരുന്നു. 'എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു.' ഞാനും പിതാവും ഒന്നാകുന്നു. ഞാൻ സ്വയമായിട്ടല്ല ഈ വചനങ്ങൾ സംസാരിക്കുന്നത്. പിതാവ് എന്നിൽ വസിച്ച് അവന്റെ ഇഷ്ടം എന്നിലൂടെ നിറവേറ്റുകയാണ്.

ഈ കാലഘട്ടത്തിൽ നമ്മുടെ ഇടയിൽ ധാരാളം ആരാധനകളുണ്ട്, പാട്ടുകളുണ്ട്, വേദപഠനക്ലാസുകളുണ്ട്. എല്ലാം നമ്മുടെ ബുദ്ധിയുടെ തലത്തിൽ മാത്രം ഒതുക്കി നിർത്തിയിരിക്കുകയാണ്. കേൾക്കുന്നതും വായിക്കുന്നതുമായ എല്ലാ കാര്യങ്ങളും പുതിയ പുതിയ അറിവുകൾ എന്ന രീതിയിൽ മാത്രം നാം കൈകാര്യം ചെയ്യപ്പെടുമ്പോൾ ചില ഫിലിപ്പോസുമാർ നമ്മുടെ ഇടയിൽ നിന്ന് ചോദിക്കുന്നു 'യേശുവിനെ ഞങ്ങൾക്ക് കാണിച്ചു തരേണം'. യേശുവിനെ കാണുവാൻ കഴിയുന്നില്ല. എവിടെയും, യേശുവിനെ പറ്റിയുള്ള സംസാരം ഉണ്ട്. ഗ്രൂപ്പുകൾ ഉണ്ട്. മീറ്റിംഗ് ഉണ്ട്. എല്ലാം ഉണ്ട്. എന്നാൽ ചുറ്റും നിൽക്കുന്ന അവർക്ക് യേശുവിനെ കാണിച്ചു കൊടുപ്പാൻ നമുക്ക് കഴിയുന്നില്ല. 'എന്നെ കണ്ടവൻ യേശുവിനെ കണ്ടിരിക്കുന്നു, പിന്നെ യേശുവിനെ ഞങ്ങൾക്ക് കാണിച്ചു തരേണം എന്നു നീ പറയുന്നത് എങ്ങനെ' എന്നു ചോദിക്കുവാനുള്ള ധൈര്യം നഷ്ടമായിരിക്കുന്നു. എന്തുകൊണ്ട് ഇങ്ങനെ സംഭവിച്ചു. നമ്മുടെ സ്വഭാവം യേശുവിന്റെ സ്വഭാവുമായി ചേർച്ചയില്ലാത്തതാകുന്നു.

യേശുവിന്റെ മഹത്വത്തെക്കാൾ നമ്മുടെ മഹത്വം അന്വേഷിക്കുന്നതുകൊണ്ട്. യേശുവിനെ എന്നിൽ

വസിച്ച് അവന്റെ ഇഷ്ടം ചെയ്യുവാനായി ഞാൻ അനുവദിക്കാത്തതുകൊണ്ട് സകലതും ഒരു ചടങ്ങായി മാറുന്നു.

കർത്താവു നമ്മോട് സ്പഷ്ടമായി പറയുന്നു "കൊമ്പിനു മുന്തിരി വള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്ക് കഴിയുകയില്ല."

അതേ യേശു കർത്താവ് അരുളി ചെയ്തതാണ് "ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ചു അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും." [യോഹന്നാൻ 15:10]

ഞാൻ ക്രിസ്തുവിന്റെ അനുകാരിയാണ്. എന്നെ അനുകരിക്കാൻ പൗലോസ് ശ്ലീഹ പറഞ്ഞതുപോലെ നമുക്കും മറ്റുള്ളവർക്ക് യേശുവിനെ കാണിച്ചു കൊടുക്കുന്നവരായി പരിശുദ്ധാത്മാവിന്റെ സഹായത്തോടു കൂടെ യത്നിക്കാം.



# ധീരം ഉള്ളവരാകുക. [കരുത്തുള്ളവരാകുക]

ലേഖനം: ബ്ര. റിജു ജോൺ മാത്യു.

ദൈവജനത്തിന്റെ മദ്ധ്യ പുരുഷജനനങ്ങൾ നടക്കാതിരിക്കുവാൻ ശത്രു പരമാവധി ശ്രമിക്കുന്നു. പുരുഷജനനം ഉണ്ടാകുന്നതിനെതിരെയാണ് ശത്രുവിന്റെ പ്രവർത്തനങ്ങൾ. എന്നാൽ ഹിബ്രായ സ്ത്രീകൾ നല്ല തിറമുള്ളവർ ആയിരുന്നതിനാൽ സൂതികർമ്മിണികളുടെ സഹായം കൂടാതെ കുഞ്ഞുങ്ങൾക്ക് ജന്മം നൽകി.



## തിറം ഉള്ളവരാകുക. [കരുത്തുള്ളവരാകുക]

ലേഖനം: ബ്ര. സിജു ജോൺ മാത്യു.

വായനാഭാഗം- പുറപ്പാട്-1:1-20

എബ്രായ സ്ത്രീകൾ മിസ്രയീമ്യ സ്ത്രീകളെ പോലെ അല്ല; അവർ നല്ല തിറമുള്ളവർ; സൂതികർമ്മിണികൾ അവരുടെ അടുക്കൽ എത്തുംമുമ്പെ അവർ പ്രസവിച്ചു കഴിയും എന്നു പറഞ്ഞു. [പുറ:1:19]

യിസ്രായേൽ ചുരുക്കം പേരായി മിസ്രയീമിൽ പരദേശികളായി വന്നു. [ആവർ: 26:5] എന്നാൽ പിന്നീട് യിസ്രായേൽ മക്കൾ " സന്താനസമ്പന്നരായി അത്യന്തം വർദ്ധിച്ചു. (പുറ: 1:7) മിസ്രയീമ്യർ അവരെ പീഡിപ്പിച്ചു. [പുറ: 1:12]



യിസ്രായേൽ എണ്ണത്തിൽ പെരുകാതവണ്ണം ശത്രു അവരെ അടിച്ചമർത്തി. എന്നാൽ അപ്പോഴും അവർ എണ്ണത്തിൽ പെരുകി കൊണ്ടിരുന്നു. യിസ്രായേൽ മക്കൾക്ക് ജനിക്കുന്ന എല്ലാ ആൺ കുഞ്ഞുങ്ങളെയും കൊന്നു കളവാൻ മിസ്രയീം രാജാവ് സൂതികർമ്മിണികൾക്ക് ഉത്തരവും നൽകി. (പുരുഷൻമാർ പിന്നീട് തനിക്കെതിരെ പടയൊരുക്കം നടത്തും എന്ന് ഫറവോൻ കരുതി) എന്നാൽ സൂതികർമ്മിണികൾ ദൈവത്തെ ഭയപ്പെട്ടിരുന്നു. [ഫറവോൻ യിസ്രായേല്യരെ ഭയപ്പെട്ടു. എന്നാൽ സൂതികർമ്മിണികൾ ദൈവത്തെ ഭയപ്പെട്ടു.] ദൈവം സൂതികർമ്മിണികൾക്ക് കുടുംബ വർദ്ധന നല്കി. [വാ. 21] ഫറവോൻ ദൈവത്തെ ഭയപ്പെട്ടില്ല. അതിനാൽ ദൈവം അവന്റെ ഭവനത്തിലെ ആദ്യജാതൻമാരെ എടുത്തു.

ശത്രു ശരിക്കും നേരിട്ട് യുദ്ധം ചെയ്യുവാനല്ല ശ്രമിക്കുന്നത്. അവൻ ബുദ്ധി പൂർവ്വം പെരുമാറുകയാണ് ചെയ്യുന്നത്. [വാ. 10] സാത്താൻ കൗശലക്കാരനാണ്. അവന്റെ തന്ത്രങ്ങളെ നാം മനസ്സിലാക്കണം [എഫെ-6:11]

ദൈവജനത്തിന്റെ മദ്ധ്യേ പുത്രജനനങ്ങൾ നടത്താതിരി
ക്കുവാൻ ശത്രു പരമാവധി ശ്രമിക്കുന്നു. പുത്രജനനം ഉണ്ടാകുന്ന
തിനെതിരെയാണ് ശത്രുവിന്റെ പ്രവർത്തനങ്ങൾ. എന്നാൽ
ഇസ്രായേല്യ സ്ത്രീകൾ നല്ല തിറമുള്ളവർ ആയിരുന്നതിനാൽ.
സൂതികർമ്മിണികളുടെ സഹായം കൂടാതെ കുഞ്ഞുങ്ങൾക്ക്
ജന്മം നല്കി. [വാ.19].

പുതിയ നിയമ സഭയുടെ നിഴലാണ് പഴയനിയ-
മ ഇസ്രായേൽ. ദൈവരാജ്യത്തിലേക്ക് നവജാതർ വരുന്ന
ത് കാണുവാൻ ശത്രു ഒരിക്കലും ആഗ്രഹി
ക്കുന്നില്ല. എന്നാൽ ദൈവം ആഗ്രഹിക്കു
ന്നത് സഭ തിറമുള്ളവരായി പുതിയ ജനനങ്ങ
ൾ നടത്തണം എന്നുള്ളതാണ്. ആരോഗ്യ
മുള്ളവരായ നവജാതരെയാണ് ദൈവം
ആഗ്രഹിക്കുന്നത്. ശത്രുവിന്റെ കയ്യിൽനിന്നും
പിടിച്ചെടുക്കുവാൻ കഴിവുള്ളവരെ; നാം
എന്താണ് ഇന്നത്തെ സഭകളിൽ കാണുന്നത്.? ഞരങ്ങുകയും
വേദനപ്പെടുകയും ചെയ്യുന്നുണ്ട്. എന്നാൽ ജന്മം നല്കുന്നില്ല.
നമുക്ക് ഈറ്റുനോവുണ്ട്. എന്നാൽ നവജാതർ ജനിക്കുന്നില്ല.
മിക്ക അവസരങ്ങളിലും മിസ്രയീമ്യ സൂതികർമ്മിണികൾ
അല്ല ഇസ്രായേല്യർ തന്നെയാണ് ആൺകുഞ്ഞുങ്ങളെ
കൊന്നുകളയുന്നത്.



നമുക്ക് നമ്മുടെ തിറം നഷ്ടപ്പെട്ടിരിക്കുന്നു.
പുത്രസമ്പത്തിനെക്കുറിച്ചുള്ള ദർശനം നഷ്ടമായിരിക്കുന്നു.
ചിലരും ഇന്ന് ചിന്തിക്കുന്നത് സഭകളിൽ ജനന നിയന്ത്ര
ണം ആവശ്യമാണ് എന്നായിരിക്കുന്നു. നമ്മുടെ എണ്ണത്തിൽ
നമ്മൾ സന്തുഷ്ടരാണ്. ശരിയായ കാഴ്ചപ്പാടില്ലായ്കയാൽ
നവജാതർ നശിക്കുകയാണ്. നാം ഒരു യുദ്ധത്തിലാണ് എന്ന
ത് വിസ്മരിച്ചു കളയരുത്. ലോകം നമുക്ക് ശത്രുവും
ആണെന്നുള്ളത് ചിലരും ഗണ്യമാക്കുന്നില്ല. പകരം
ലോകം കൂട്ടിനുള്ളതാണ് എന്ന് തെറ്റിദ്ധരിച്ചിരിക്കുന്നു.
യുദ്ധം ചെയ്യുന്നതിന് പകരം നാം അതുമായി സന്ധിയാകു-

പെടുകയാണ്.

അനുഗ്രഹിക്കപ്പെടുന്ന സഭയെ ശത്രു ജയിച്ചിട്ടില്ല എന്നത് നാം മറക്കരുത്. ശക്തരായ നവജാതർക്ക് ജന്മം നൽകുന്ന സഭകളെ കണ്ട് ശത്രുവിനു ഞെട്ടൽ ഉളവാകട്ടെ.

പ്രാർത്ഥന: കർത്താവേ എനിക്കും സഭയ്ക്കും ആത്മിക നവജാതർക്ക് ജന്മം നല്കുന്നതിനും നരക വാതിലിലേക്ക് പോകുന്നവരെ രക്ഷിപ്പാനും കൃപ വരുത്തണമേ ആമേൻ...





# സഭക്കുള്ള ദൂത് [സ്ത്രീസഭിലെ]


ലേഖനം: ഷൈനി ജോർജ്ജ്
മണലി, മുളവുകാട്.

ദൈവം തന്റെ ദൃഷ്ടിയാൽ തന്റെ സഭയെ നോക്കുമ്പോൾ കാണുന്നത്, കൈ അടിച്ച് ആരാധിക്കുന്നവരെയോ, അന്യഭാഷ പറയുന്നവരെയോ പ്രവചനവരമുള്ളവരെയോ മാത്രമല്ല എന്ന സത്യം നാം നടുക്കത്തോടെ ഓർക്കേണ്ടതാണ്.

സഭക്കുള്ള ദൂത് [സർദ്ദീസിലെ]


ലേഖനം: ഷൈനി ജോർജ്ജ്
അമലി, മൂത്തവേദ്.

ഏതാനം വർഷങ്ങൾക്കു മുമ്പ് എന്റെ കാലിനു ഒരു ചതവും, എല്ലിനു പൊട്ടലും ഉണ്ടായി. അതിനെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ഒരു X-RAY ക്ക് വിധേയമാക്കുകയും ചെയ്തു. X-RAY എടുക്കുന്ന സമയത്ത് ഞാൻ മോണിട്ടറിൽ എത്തി നോക്കി. ഞാനാകെ അമ്പരന്നുപോയി. നോക്കിയത് എന്റെ എല്ലുകളെയായിരുന്നു. ഞാൻ സുന്ദരമെന്നു വിശ്വസിച്ചിരുന്ന എന്റെ ശരീരത്തെ അസ്ഥികൾ മാത്രമായാണ് കണ്ടത്. ഞാൻ ധരിച്ചിരുന്ന മേൽത്തരമായ വസ്ത്രങ്ങളൊന്നും അവിടെ കണ്ടില്ല. എന്നെ വളരെയധികം ചിന്തിപ്പിച്ച ഒരു സംഭവമായിരുന്നു അത്. ഞാൻ എത്ര സുന്ദരനാകുവാൻ മേക്കപ്പിട്ടാലും, വിശിഷ്ടം വസ്ത്രങ്ങൾ അണിഞ്ഞാലും അതിനുള്ളിൽ ഞാനൊരു അസ്ഥികൂടം മാത്രമാണ്.



വളരെ വിരൂപമായ സത്യം. എന്നിലെ ചമയങ്ങൾ ഒന്നും ആ X-RAY മെഷീനിൽ പതിഞ്ഞിരുന്നില്ല.

ഇതുപോലെയുള്ള അനേക X-RAY ചിത്രങ്ങളെക്കുറിച്ച് വചനം പറയുന്നുണ്ട്. അതിലൊന്നാണ് വെളിപാട് പുസ്തകം 3ാം അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. അത് ഒരു പ്രത്യേക വ്യക്തിയുടേതല്ല- വ്യക്തികളുടേതാണ്. ഒരു സമൂഹത്തിന്റെ അല്ല ഒരു സഭയുടേതാണ്. സഭ എന്നത് യേശുവിന്റെ മണവാട്ടിയും വിളിച്ച് വേർതിരിക്കപ്പെട്ട സമൂഹവുമാണല്ലോ!



അതെ സർദ്ദീസിലെ സഭക്കുള്ള ദൂത്. വെളിപാട് പുസ്തകത്തിലെ ദൂതുകൾ ചില കാലങ്ങളെക്കു മാത്രമായി ചിന്തിക്കുന്ന പണ്ഡിതൻമാരുണ്ട്. എന്നാൽ വചനം എന്നും നിലനിൽക്കുന്നതും അത് എക്കാലങ്ങൾക്കും ഉള്ളതാണ്. ചിന്താവായ ദൈവം

ചരിത്രത്തിലൂടെ, ദൂതന്മാരിലൂടെ, പത്മോസിന്റെ ഏകാന്തതയി
ൽ ദൈവത്തെ മാത്രം ധ്യാനിച്ചിരുന്ന സ്നേഹിതൻ യോഹന്നാനി
ലൂടെ സഭക്ക് അന്ത്യത്തിൽ നമുക്കായി നൽകിയ ദൂതാണ്. ഇന്ന്
ഇന്ന് അനേക ദൈവദാസന്മാർ വചനങ്ങളെ



സ്വന്തം ഇഷ്ടപ്രകാരം വ്യാഖ്യാനിച്ച് ചേർത്തി
രിക്കുമ്പോൾ, സത്യം വിസ്മരിക്കപ്പെടുമ്പോൾ
അത് പൗലോസ് ശ്ലീഹാ പറഞ്ഞതു പോലെ
നമ്മ മറ്റൊരു സുവിശേഷവും ദുരുപദേശവുമാ
യി മാറുന്നു. ഇതെല്ലാം കാണുമ്പോൾ ദൈവത്തി
ന്റെ വരവ് ഏറെയും അടുത്തു എന്ന മുന്ന
റിവ നമുക്ക് മനസ്സിൽ തോന്നുക. അങ്ങനെ മറ്റൊരു സുവിശേ
ഷം നമ്മെ നയിക്കാതിരിക്കട്ടെ!

ദൈവം തന്റെ ദൃഷ്ടിയാൽ തന്റെ
സഭയെ നോക്കുമ്പോൾ കാണുന്നത്, കൈ അടിച്ച് ആരാധിക്കുന്ന
വരെയോ, അന്യഭാഷ പറയുന്നവരെയോ പ്രവചനവരമുള്ളവരെ
യോ മാത്രമല്ല എന്ന സത്യം നാം ഞെട്ടലോടെ ഓർ
ക്കേണ്ടതാണ്. അതി പുരാതനമായ ലിഡിയൻ പ്രവിശ്യയുടെ
തലസ്ഥാന നഗരിയായ സർദീസിലെ സഭയെയല്ല
ദൈവം തന്റെ ദൃഷ്ടിയിൽ കാണുന്നത് പിന്നെയോ
ജീവനുള്ളവർ എന്നു പേരുള്ളവർ [വെളിപ്പാട് - 3:1]

ഇതുപോലുള്ള വിശ്വാസികളെ എക്കാലത്തെയും
സഭകളിൽ നമുക്കു കാണാം. അങ്ങനെ അവർക്ക് ആ പേരു മാത്ര
മേയുള്ളൂ. വിശ്വാസികൾ എന്ന പേരുള്ളവർ. ദൈവം
പോലും അവരെ അങ്ങനെ വിളിക്കുവാനാണ് ഇഷ്ടപ്പെടുന്നത്.
സുവിശേഷകനായ ബ്രദർ. സാധു ജോൺ മത്യം ഒരിക്കൽ ഒരു
ഉദാഹരണം പറഞ്ഞത് ഇത്തരുണത്തിൽ പ്രസക്തമാണ്.
പാശ്ചാത്യ നാട്ടിലെ ഒരു സഭയിൽ ഒരു Cow boy വന്നു.
എല്ലാവരും വളരെ നല്ലതായി വസ്ത്രധാരണം ചെയ്യുന്ന
ആ സഭയിലേക്ക് തികച്ചും അവർക്ക് ചേരാത്ത വസ്ത്രവും
ധരിച്ചു വന്ന Cow boy മാന്യരായ വിശ്വാസികൾക്കൊപ്പം
സഭാ ശുശ്രൂഷകനെ പോലും അസ്വസ്ഥനാക്കി. എങ്കിലും

നല്ലവനായ ഇടവകക്കാർ ആ മനുഷ്യന്റെ അടുത്ത്
ചെന്നിട്ട് പറഞ്ഞു: 'സഹോദരാ അടുത്ത ഞായറാഴ്ച
വരുമ്പോൾ ദൈവത്തോട് ചോദിച്ചിട്ട് ദൈവം പറയുന്ന
വസ്ത്രം ധരിച്ചു വരുവാൻ.' അടുത്ത ഞായറാഴ്ചയിലും
അതേ വസ്ത്രം ധരിച്ചു വന്ന Cow boy യോട് ഇടവക
ക്കാർ ചോദിച്ചു ഉടനെ ദൈവത്തോട് ചോദിച്ചു ദൈവം
പറയുന്ന വസ്ത്രം ധരിച്ചു വരുവാനല്ലേ ഞാൻ പറഞ്ഞത്.
അയാൾ വളരെ ശാന്തനായി പറഞ്ഞു. ഞാൻ ദൈവത്തോട്
ചോദിച്ചു. എനിക്ക് മറുപടിയും തന്നു. ദൈവം പറഞ്ഞു
ഞാൻ സഭയിൽ പോകാറില്ല, അതുകൊണ്ട് ആ സഭയിലെ
വസ്ത്രധാരണത്തെ കുറിച്ച് എനിക്ക് അറിയില്ല. ഇന്ന്
നമ്മുടെ ദൈവം ചെല്ലാത്ത ദൈവത്തിന് പ്രവേശനമില്ലാത്ത
അനേകം സഭകൾ ഉണ്ട്.

ഒന്നാമത്തെ കൂട്ടർ മരിച്ചവർ [വെളിപ്പാട് 3:1]

ആത്മികമായി മരിച്ച ഒരു കൂട്ടർ, ജനത്തിരക്കേറി
യതും ഒരുങ്ങിവന്ന ഇക്കൂട്ടരെ സഭകളുടെ
എല്ലാ തലങ്ങളിലും നിങ്ങൾക്ക് കാണുവാ
ൻ കഴിയും. എന്നാൽ ഇവരിൽ ആത്മാവ്
വസിക്കുന്നില്ല. ജീവിക്കുന്നുമില്ല.



മൂന്നാമത്തെ കൂട്ടർ ഉറങ്ങുന്നവർ [വെളിപ്പാട് 3:2]

ഇക്കൂട്ടരോട് ദൈവത്തിന്റെ
ആത്മാവ് പറയുന്ന ഉണർത്തലുകൾക്ക
ഏറെ. ഇവരെല്ലാം ഉറക്കത്തിലാണ്. സഭയിലെ സംഭവവികാസ
ങ്ങളൊന്നും ഇവരെ അലട്ടാറില്ല. ആർക്കും ശല്യമില്ലാത്ത
ഒരു പറ്റം നിരുപദ്രവകാരികൾ.

നാലാമത്തെ കൂട്ടർ: ചാവാറായ ശേഷിപ്പുകൾ [വെളി: 3:2]

ഇവരെ നമുക്ക് പേരിൽ വിശ്വാസികൾ എന്നു
വിളിക്കാം. ഒരു കാലത്ത് വിശ്വാസത്തിന്റെ ഉന്നതിയിൽ നിന്ന്
ക്രമേണ വിശ്വാസം കുറഞ്ഞ് ജീവിച്ചിരിക്കുന്ന പേരിലുകൾ.
ഇന്ന് ഞാൻ ഈ ചിന്തകൾ എഴുതുമ്പോൾ ഒരുപക്ഷേ
ആരാധനായിരുന്ന ഒരിക്കലും ചൊല്ലുന്ന കാഴ്ച

ക്രൂശിൽ തൂക്കി പിന്നീട് വിരമിച്ചവരെ ഓർത്തുകൊണ്ടാ
വും. ഒരു കാലത്ത് അവർ ഉന്നതരായിരുന്നു. ഇന്ന് നാമമാത്രം
അവരുടെ ശേഷി നശിച്ച് ജീവിക്കുന്നവർ.
അഞ്ചാമത്തെ കൂട്ടർ അപൂർണ്ണർ [വെളി] വാ 3:2]
മാനുഷികമായി വലിയ പുണ്യ പ്രവർത്തികൾ
ചെയ്യുന്നവർ, എല്ലാ ആചാര അനുഷ്ഠാനങ്ങളിലും മുഴുകുന്ന
വർ. ദൈവദാസൻമാരെ സത്കരിക്കുന്നവർ. എന്നാൽ
രക്ഷ എന്ന അടിസ്ഥാനം ഉൾക്കൊള്ളാത്തവർ. ഒന്നുകൂടി
പറഞ്ഞാൽ യേശുവിനെ സ്വന്തം രക്ഷകനായി ഏറ്റുപറയാ
ത്തവർ. അവർ ദൈവസന്നിധിയിൽ അപൂർണ്ണരാണ്. കർമ്മ
ങ്ങളുടെ അന്ധ വിശ്വാസത്തിലാണ് രക്ഷ എന്ന് ഇവരും
ഇക്കൂട്ടർ തിരിച്ചറിയാതിരിക്കുന്നു.
ആറാമത്തെ കൂട്ടർ മാനസാന്തരപ്പെടാത്തവർ - [വാ. 3:3]
യഥാർത്ഥമായ മാനസാന്തരം ഇല്ലാത്തവർ. സഭയുടെ
എല്ലാ പ്രവർത്തനങ്ങൾക്കും എല്ലാവിധ സഹായങ്ങളും നൽകുന്ന
ഇക്കൂട്ടരുടെ ഉള്ളിൽ യഥാർത്ഥമായ ഒരു മാനസാന്തരവും നടന്നിട്ടി
ല്ല. ചിലപ്പോഴൊക്കെ ഇക്കൂട്ടരുടെ യഥാർത്ഥ മുഖങ്ങളെ കാണുവാ
നാകും. മാനസാന്തരത്തിന്റെ തക്ക പ്രവൃത്തികളും ഇക്കൂട്ടരിലുണ്ടാ
വില്ല.
ഏഴാമത്തെ കൂട്ടർ- ഉടുപ്പ് മലിനമാക്കാത്തവർ- [വാക്യം 3:4]
അതെ ദൈവം തിരഞ്ഞെടുപ്പ്
കളു ഇക്കൂട്ടരിലാണ് ദൈവം പ്രസാദി
ച്ചത്, ഇവരിലാണ് ദൈവം സ്വയം
കണ്ടത്. ഈ ലോകത്തിന്റെ പാപങ്ങൾ
ഏൽക്കാത്ത, പ്രലോഭനങ്ങൾക്ക് വഴങ്ങാ
ത്ത, ഈ ലോകത്തിന്റെ യാതൊരു നൻമ
കളിലും ആനന്ദം കാണാത്ത ഒരു പറ്റം.



ഇവർ കുഞ്ഞാടിന്റെ രക്തത്താൽ നീതീകരണം പ്രാപിച്ച
വർ, ഈ ലോകത്തിലെ കറ, ചുളുക്കം, വാട്ടം ഏൽക്കാത്തവ
ർ. അവരുടെ ജീവിതം ഒരു പക്ഷേ കഷ്ടത്തിലായി
രിക്കാം. [വെളിപ്പാട് 7:13-15] എങ്കിലും ദൈവത്തെ

തിരിച്ചു പറയാത്തവർ, മരണത്തെ പോലും ഭയക്കാത്ത ഇക്കൂട്ടർ ഈ കാലഘട്ടത്തിലും ജീവിച്ചു രക്തസാക്ഷികളാകുന്നു എന്നു നമുക്ക് അറിയാമല്ലോ. അവരുടെ സാക്ഷ്യവും രക്തസാക്ഷിത്വവും നമുക്ക് വിശ്വാസത്തിൽ നിലനിൽക്കുവാനുള്ള പ്രചോദനമാകട്ടെ. ഇവർക്കുള്ള പ്രതിഫലം എന്താണ് എന്ന് വചനം വ്യക്തമായി പറയുന്നു.

i കുഞ്ഞാടിന്റെ രക്തത്താൽ അങ്കി അലക്കി വെളുപ്പിച്ചിരിക്കുന്ന ഇക്കൂട്ടർക്ക് ദൈവ സന്നിധിയിൽ, സിംഹാസനത്തിന്റെ



മുൻപിൽ ഇരുന്ന് രാപ്പകൽ അവനെ ആലയത്തിൽ ആരാധിക്കുന്നു. സിംഹാസനത്തിൽ ഇരിക്കുന്നവൻ അവർക്കു കൂടാരം ആയിരിക്കും. ഇനി അവർക്കു വിശക്കുകയില്ല, ദാഹിക്കുകയും ഇല്ല. വെയിലും യാതൊരു ചൂടും അവരുടെ മേൽ തട്ടുകയില്ല. കുഞ്ഞാട് അവരെ മേച്ചു ജീവജലത്തിന്റെ ഉറവുകളിലേക്കു നടത്തുകയും ദൈവം താൻ അവരുടെ കണ്ണിൽ നിന്നു കണ്ണുനീർ എല്ലാം തുടച്ചുകളക ചെയ്യും.

ii ഇക്കൂട്ടരുടെ പേരു ജീവപുസ്തകത്തിൽ നിന്നും മായ്ക്കാതിരിക്കുകയും ചെയ്യും.

iii ഉടുപ്പ് മലിനമാകാത്ത ഇക്കൂട്ടരെ യേശുക്രിസ്തു പിതാവിൻ സന്നിധിയിലും, ദൂതന്മാരുടെ മുൻപിലും ഏറ്റുപറയും.

അതിനാൽ നാം നമ്മെത്തന്നെ ആത്മ പരിശോധന ചെയ്യേണ്ട സമയമായി. നാം തിരിച്ചറിയേണ്ടത് നാം ഏതു കൂട്ടത്തിലുള്ളവരാണ് എന്നാണ്. ദൈവം ഒരു പാട് പ്രതീക്ഷയോടുകൂടി സമൂഹത്തെയും നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത്. നമുക്ക് അവനിൽ നിന്നോ അവന്റെ സ്നേഹത്തിൽ നിന്നോ നമ്മെ തന്നെ മാറ്റാനാവില്ല. അങ്ങനെ വിചാരിക്കുന്നത് മൗഢ്യമാണ്. രാപ്പകൽ അവന്റെ മന്ദിരത്തിൽ ആരാധിക്കുവാൻ നമ്മെ തിരഞ്ഞെടുത്തിരിക്കുന്നു. ഉടുപ്പ് മലിനമാകാതെ നമുക്കു നമ്മെ തന്നെ സൂക്ഷിക്കാം. നമുക്ക് ആ ലക്ഷ്യത്തിലേക്ക് നീങ്ങാം. മറിച്ചാണെങ്കിൽ ഈ ആയുസ്സ് വ്യർത്ഥമാണ്!

E.M. FORSTER-ന്റെ പ്രസിദ്ധമായ ഒരു വാചകം ഇവിടെ കുറിക്കട്ടെ " I AM NAKED UNDER MY SHIRT, WHATEVER ITS COLOUR". അതെ ദൈവ സന്നിധിയിൽ നമ്മുടെ പുറം ചട്ടകൾക്ക് സ്ഥാനമില്ല. അവന്റെ മുൻപിൽ നമുക്കൊന്നും ഒളിക്കാനില്ല.

മിഷനറി ചരിത്രം -

സി. ടി. സ്റ്റഡ് -



# മിഷനറി ചരിത്രം

## സി.ടി.സ്റ്റഡ്.

*കഴിഞ്ഞ ലക്കത്തിൽ നിന്ന് തുടർച്ച*


ക്രിക്കറ്റ് കളിയിൽ തുടർന്നിരുന്നുവെങ്കിൽ ലോകം ആരാധിക്കുന്ന ഒരു ക്രിക്കറ്റ് ഇതിഹാസമായി അവൻ മാറുമായിരുന്നു. പണം, പദവികൾ, പ്രശസ്തി, എല്ലാം കവിഞ്ഞ് കൂടുമായിരുന്നു. എന്നാൽ ചാൾസ് തോമസ് സ്റ്റഡ് എന്ന സി.ടി.സ്റ്റഡ് അവയെല്ലാം നിസ്സാരമായി തള്ളിക്കളഞ്ഞുകൊണ്ട് ലോകം ഭോഷത്വമെന്ന് കരുതുന്നത് തെരഞ്ഞെടുക്കുവാൻ, യേശുക്രിസ്തുവിന്റെ ഒരു മിഷനറിയാകുവാൻ സ്വയം സമർപ്പിച്ചു.

ലോകത്തിൽ ഏറ്റവും അധികം ജനങ്ങൾ വസിക്കുന്ന രാജ്യമായ ചൈനയിലേക്ക് ദൈവത്തെക്കുറിച്ച് അറിയാതെ നശിച്ചുപോകുന്ന കോടാനുകോടികൾ ഉള്ള ചൈനയിലേക്ക്, വിരലിലെണ്ണാൻ മിഷനറിമാർ മാത്രമുള്ള ചൈനയിലേക്ക് മാക് ആർതർ എന്ന മിഷനറിയുടെ വാക്കുകൾക്ക് ചെവികൊടുത്ത്, ദൈവ ആലോചനയ്ക്ക് കീഴ്പ്പെട്ട് (മാതാവിന്റെ സ്നേഹ നിർഭരമായ അപേക്ഷ എന്നെ തനിച്ചാക്കി പോകരുതെന്നുള്ള കണ്ണീർ) എന്നെക്കാൾ അധികം അപ്പനെയോ അമ്മയെയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല എന്നുള്ള ആത്മനാഥന്റെ വാക്കുകൾ, സ്വർഗ്ഗീയ ദർശനത്തിനു അനുസരണക്കേട് കാണിക്കാതെ ചൈനയിലേക്ക് പോകുവാൻ തീരുമാനം എടുത്തു.



എല്ലാവരും ഭയന്നു മാറി നിന്ന സാഹചര്യത്തിൽ ചൈനയിലേക്ക് അതി സാഹസികമായി, മിഷനറി ദൗത്യവുമായി കടന്നു പോയ ധീരനായ ഹഡ്സൺ ടെയ്‌ലറുമായി കൂടിക്കാഴ്ച നടത്തി. 'ചൈന ഇൻലാൻഡ് മിഷനിൽ' ചേർന്ന് ചൈനയിലേക്ക് പുറപ്പെട്ടു. കേംബ്രിഡ്ജ് സർവ്വകലാശാലയിലെ മറ്റു ആറു പേരും സി.ടി. സ്റ്റഡിനൊപ്പം തീരുമാനമെടുത്തിരുന്നു. അങ്ങനെ സൂര്യനസ്തമിക്കാത്ത —

ഏകനായി തന്റെ ദൗത്യം നിർവ്വഹിച്ചു. 25 വയസ്സ്
പൂർത്തിയായ സ്റ്റഡിന് തന്റെ പിതാവ് എഡ്വേർഡ്
സ്റ്റഡിന്റെ വിൽപത്ര പ്രകാരം
29000 പൗണ്ട് ഓഹരിയായി ലഭിച്ചു.
1887 - ജനുവരി 13 ആം ദിവസത്തി
ൽ തന്നെ മിഷനറി ജീവിതത്തി
ലെ ഏറ്റവും വലിയ വിശ്വാസത്തി
ന്റെ ചുവട് സി. ടി. സ്റ്റഡ് മുന്നോട്ട് വച്ചു. അന്ന് തനിക്ക്
ലഭിച്ച 29000 പൗണ്ടിൽ 25000 പൗണ്ട് ഡി. എൽ.
മൂഡി, ജോർജ്ജ് മുള്ളർ, ജോർജ്ജ് ഹോളണ്ട്
അതോടൊപ്പം ഇന്ത്യയിലെ സാൽവേഷൻ ആർമി
തുടങ്ങിയവർക്കു വീതിച്ചു നൽകി.



25 വയസ്സു കഴിയുംമുമ്പേ തന്റെ
ഭൂമിയിലെ സമ്പാദ്യം മുഴുവൻ ദൈവനാമ മഹത്വത്തിനായി
നൽകിയതിൽ സ്റ്റഡ് ഏറെ സന്തുഷ്ടനായി. എന്നാൽ
ബന്ധുജനങ്ങൾ അദ്ദേഹത്തോട് ചോദിച്ചു, ഇനി ശേഷിച്ച കാലം
നീ എങ്ങനെ ജീവിക്കും? സ്റ്റഡിന്റെ മറുപടി ഉറച്ചതായിരു
ന്നു. "തന്നെ അനുഗമിക്കുവാൻ എന്നോട് ആവശ്യപ്പെട്ടത്
യേശു കർത്താവാണ്. അവൻ വാഗ്ദത്തങ്ങളിൽ വിശ്വസ്തനാണ്.
'അവനിൽ ഞാൻ പൂർണ്ണമായും ആശ്രയിക്കുന്നു".

പ്രതിഫലം നോക്കിയതുകൊണ്ട് ഫറവോന്റെ
പുത്രിയുടെ മകൻ എന്ന വിളിക്കപ്പെടുന്നത് നിരസിക്കുകയും
മിസ്രയീമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ
ധനം എന്നെണ്ണുകയും ചെയ്ത മോശയെ പോലെ [എബ്രായർ
11: 25-26] സ്റ്റഡും തന്റെ പ്രിയന്റെ നിന്ദ തിരഞ്ഞെടുത്തു.

ആ സമയത്ത് അയർലണ്ടിൽ നിന്നും ചൈനയിൽ
മിഷനറി പ്രവർത്തനത്തിന് എത്തിയ പ്രിസ്കില്ല എന്ന
യുവതിയെ സ്റ്റഡ് തന്റെ ജീവിത സഖിയാക്കി. വിവാഹ
ദിവസം ഇരുവരും ദൈവസന്നിധിയിൽ മുട്ടുകുത്തി പ്രതിജ്ഞ
ചെയ്തു "കർത്താവേ അങ്ങയെ സേവിക്കുന്നതിൽ ഞങ്ങൾ
അന്യോന്യം തടസ്സം നിൽക്കില്ല."

ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ മുഴുവൻ പിന്തുണയുമായി ആ ഏഴു യുവാക്കൾ ചൈനയിലേക്ക് പുറപ്പെട്ടു.

ചൈനക്കാരെ ക്രിസ്തുവിനായി നേടേണ്ടതിന് നിങ്ങൾ അവരിലൊരുവനായി മാറണം. അവരുടെ ഭാഷ, വസ്ത്രധാരണം, ഭക്ഷണം, എന്നിവയെല്ലാം നിങ്ങൾ ശീലിക്കണം. ഹഡ്സൺ ടെയ്‌ലർ അവരോട് പറഞ്ഞു.

ഏതൊരുവനെ / ഏത് സമൂഹത്തെ നാം നേടുവാൻ ആഗ്രഹിക്കുന്നുവോ, അവരുടെ നിലവാരത്തിലേക്ക് നാം ഇറങ്ങി ചെന്നേ മതിയാകുകയുള്ളൂ.

ഇന്നത്തെ പ്രസംഗകരും സ്റ്റേജിൽ പെർഫോമൻസ് നടത്തുന്നവരും, നേതാക്കന്മാരും ഒന്ന് എളിയവരോട് ചേർന്ന് നിന്നിരുന്നുവെങ്കിൽ.... എന്ന് വെറുതെ



ഈ സമയത്ത് ആശിച്ചു പോകുകയാണ്.

ചൈനയിലെത്തി ആദ്യത്തെ മൂന്നുമാസം അതിനുള്ള പരിശ്രമമായിരുന്നു. ഇംഗ്ലണ്ടിൽ എല്ലാ സുഖസൗകര്യങ്ങളോടും കൂടെ ജീവിച്ചിരുന്ന ആ ഏഴംഗ സംഘത്തെ അപ്പോൾ കണ്ടാൽ അവരുടെ മാതാപിതാക്കന്മാർ പോലും തിരിച്ചറിയുകയില്ലായിരുന്നു. ചൈനീസ് ഭാഷയുടെ ബാലപാഠങ്ങളും അവർ അതിനിടയിൽ പൂർത്തിയാക്കി.

വളരെയേറെ കഷ്ടതയിലൂടെ കഴിഞ്ഞ നാളുകൾ, വിദേശികളെ കൊന്നൊടുക്കുവാൻ അക്രമി സംഘം എല്ലായിടത്തും കാവൽ നിൽക്കുന്നു. ഇവിടെ നിന്ന് തിരിച്ചു പോകുവാൻ പലരും നിർബന്ധിച്ചപ്പോൾ സ്റ്റഡിന്റെ മറുപടി ഇപ്രകാരം ആയിരുന്നു. "ദൈവമാണ് എന്നെ ഇവിടേക്ക് അയച്ചിരിക്കുന്നത്, ഈ ജനത്തോട് ദൈവത്തിന് പറയുവാനുള്ള കാര്യങ്ങൾ അറിയിക്കാതെ ഞാൻ മടങ്ങുകയില്ല."

ഏത് നിമിഷവും അന്ത്യം വിളിച്ചേക്കാവുന്ന അക്രമി സംഘങ്ങളുടെ നടുവിൽ യേശുക്രിസ്തുവിന്റെ സമാധാന സുവിശേഷവുമായി ആ സാഹസികനായ മിഷനറി

മാറ്റിവച്ചിരുന്ന 3400 പൗണ്ട് സ്റ്റഡ് പ്രിസ്കില്ല യ്ക്ക് സമ്മാനിച്ചു. എന്നാൽ ആ പണം അവർ സ്വീകരിച്ചില്ല. ബാക്കിയുണ്ടായിരുന്ന 3400 പൗണ്ടും സാൽവേഷൻ ആർമിക്ക് അയച്ചു കൊടുത്തു കൊണ്ട് അവർ വിശ്വാസത്തിൽ ജീവിച്ചു. ചൈനയിലെ പ്രവർത്തനം അവരെ രോഗികളും ശരീര ബലഹീനരും ആക്കി.

പ്രതികൂലമായ കാലാവസ്ഥയും ജീവിത സാഹചര്യങ്ങളും വൈദ്യസഹായത്തിന്റെ അപര്യാപ്തതയും സി.ടി.



സ്റ്റഡിനെയും കുടുംബത്തെയും നിത്യരോഗികളാക്കി മാറ്റി. 1893-മാർച്ചിൽ സ്റ്റഡിന്റെ രോഗങ്ങൾ അതീവ ഗുരുതരമായി. പ്രിസ്കില്ലയും, സഹപ്രവർത്തകരും ചരമവഴി പാടിച്ചെങ്കിലും യാതൊരു മാറ്റവുമുണ്ടായില്ല. സ്റ്റഡ് ദൈവ സന്നിധിയിൽ ചേർക്കപ്പെടുവാൻ പോവുകയാണെന്ന് കൂടിനിന്നവരെല്ലാം കരുതി. എന്നാൽ അപ്പോഴേക്കും പെട്ടെന്ന് പ്രിസ്കില്ലയുടെ നേരെ തന്റെ ദുർബ്ബലമായ കൈകൾ ഉയർത്തി ആംഗ്യം കാട്ടി പ്രാർത്ഥിക്കുവാനായി. സ്റ്റഡിന്റെ രോഗം ഭേദപ്പെട്ടു. വീണ്ടും ആരോഗ്യസ്ഥിതി വഷളാകാതിരിക്കുവാൻ നിങ്ങൾ ചൈന വിട്ടു പോകണം എന്നു സഹപ്രവർത്തകരെല്ലാം ആവശ്യപ്പെട്ടു. ദൈവത്തിൽ നിന്നു ഒരു വ്യക്തമായ നിർദ്ദേശം ലഭിച്ചാൽ മാത്രമേ ഞങ്ങൾ ചൈനയിൽ നിന്ന് മടങ്ങുകയുള്ളൂ എന്ന് സ്റ്റഡ് ആവർത്തിച്ചു.

ഒരു വർഷത്തിനുശേഷം ചൈന വിടാനുള്ള വ്യക്തമായ ദൈവിക നിർദ്ദേശം ആ ദമ്പതികൾ കേട്ടു. അപ്പോഴും ഇരുവരും രോഗികളായിരുന്നു. ഇംഗ്ലണ്ടിൽ പോയി ചികിത്സയ്ക്കു ശേഷം വീണ്ടും ചൈനയിലേക്ക് മടങ്ങാനായിരുന്നു അവർ ആഗ്രഹിച്ചത്. കല്ലറോടെ സ്വീകരിച്ച

ദേശം കണ്ണീരോടെയാണ് അവർക്ക് വിട നല്കിയത്. ആ ദേശത്ത് അത്രമേൽ സ്വാധീനം ചെലുത്തുവാൻ സ്റ്റഡിനും, പ്രിസ്കില്ലക്കും സാധിച്ചിരുന്നു.



നീണ്ട യാത്രയ്ക്കുശേഷം അവർ ലണ്ടനിൽ എത്തി. സി.ടി. സ്റ്റഡും, പ്രിസ്കില്ലയും, നാല് പെൺമക്കളും ഭവനത്തിലെത്തിയത് മാതാവിനും സഹോദരങ്ങൾക്കും വീണ്ടും സന്തോഷത്തിന്റെ ദിനങ്ങൾ സമ്മാനിച്ചുകൊണ്ടായിരുന്നു.

സ്റ്റഡ് വിശ്രമം കണ്ടെത്താതെ വീണ്ടും ആത്മാക്കളെ തേടിയിറങ്ങി. അമേരിക്കയിൽ ഒന്നരവർഷം ദൗത്യവുമായി താമസിച്ചു. ലണ്ടനിൽ വീണ്ടും മടങ്ങിയെത്തിയ സ്റ്റഡിനെ പിതാവിന്റെ സുഹൃത്തായിരുന്ന വിൻസെന്റ് സന്ദർശിച്ചു. അദ്ദേഹം പിതാവിന്റെ അന്ത്യാഭിലാഷത്തെ കുറിച്ച് ഓർമ്മിപ്പിച്ചു. "ഇന്ത്യയിൽ പോയി സുവിശേഷം അറിയിക്കുക എന്നുള്ള സ്വപ്നം സാക്ഷാത്കരിക്കാതെയാണ് അദ്ദേഹം യാത്രയായത്. നീ ആ ദൗത്യം ഏറ്റെടുക്കണം."

ആ കുടുംബം ഇന്ത്യയിലേക്കും കടന്നു പോയി. സുവിശേഷത്തിന്റെ വിത്ത് വിതച്ചു. അവിടെ വച്ചും സ്റ്റഡിനെ രോഗം ആക്രമിച്ചു. ശ്രമകരമായ ദൗത്യങ്ങളാണ് ഇന്ത്യയിലും അദ്ദേഹം നിർവ്വഹിച്ചത്.

സ്റ്റഡിന്റെ ജീവിതത്തിലെ ഏറ്റവും സന്തോഷകരമായ സന്ദർഭങ്ങളിലൊന്ന് കടന്നു വന്നത് ഊട്ടിയിൽ വച്ചായിരുന്നു. അദ്ദേഹത്തിന്റെ നാല് മക്കളും യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ചത് മിഷനറി കുടുംബത്തെ സന്തോഷിപ്പിച്ചു. സ്റ്റഡ് തന്നെ അവരെ സ്നാനപ്പെടുത്തി.


സ്റ്റഡ് ആ സന്ദർഭത്തെ പറ്റി പിന്നീട് ഇങ്ങനെ പറഞ്ഞു. "എന്റെ നാല് മക്കളും കർത്താവിന്റെ ദാസരായിരിക്കുന്നു എന്നത് എനിക്ക് വിവരിക്കാനാവാത്ത സന്തോഷം പകർന്നു നല്കുന്നു. ആ ഒരൊറ്റ കാരണത്താൽ മരണം പോലും എന്റെ ശരീരവും മനസ്സും രക്ഷകനായ യേശുക്രി-

സ്തുവിനോട് പൂർണ്ണമായും കടപ്പെട്ടിരിക്കുന്നു."

അങ്ങനെ അവിസ്മരണീയമായ ഒട്ടേറെ സാഹചര്യങ്ങളിലൂടെ കടത്തിവിട്ടുകൊണ്ട് ദൈവം ആറു വർഷകാലം ആ കുടുംബത്തെ ചൈനയുടെ മണ്ണിൽ തന്റെ ശുശ്രൂഷ നിർവ്വഹിക്കുവാൻ അനുവദിച്ചു. മിഷനറി ജീവിതത്തിലെ മുൻകാലങ്ങളിലെന്ന പോലെ ദൈവം മാത്രമായിരുന്നു അവരുടെ ദാതാവ്.


ഇംഗ്ലണ്ടിൽ മടങ്ങിയെത്തിയ സ്റ്റഡിന് നിരന്തര സുവിശേഷയോഗങ്ങളിൽ പ്രസംഗിക്കുവാൻ അവസരം ലഭിച്ചു. രണ്ടു വർഷം കൊണ്ട് തന്റെ മാതൃരാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും ദൈവവചനവുമായി നിൽക്കുവാൻ സ്റ്റഡിന് സാധിച്ചു.

ലിവർപൂളിൽ ഒരു യോഗത്തിൽ പങ്കെടുത്തുമടങ്ങുമ്പോഴാണ് നരഭോജികൾക്ക് മിഷനറിമാരെ വേണം എന്നു നോട്ടീസ് ശ്രദ്ധയിൽപ്പെട്ടത്. മിഷനറി



കുമിംഗിന്റെ നോട്ടീസായിരുന്നു അത്. സ്റ്റഡും ആ യോഗത്തിൽ പങ്കെടുത്തു. നിനക്ക് എന്തുകൊണ്ട് ആഫ്രിക്കയിലേക്ക് മിഷനറിയായി പോയിക്കൂടാ എന്ന് ദൈവം തന്നോട് ചോദിക്കുന്നതായി സ്റ്റഡിന് അനുഭവപ്പെട്ടു.

അമ്പത് വയസ്സു പ്രായം, 15 വർഷമായി കടുത്ത ആസ്ത്മ രോഗി, ആഫ്രിക്കയിലെ കാലാവസ്ഥ നേരിടാനാകില്ല. "ഞാൻ സൗഖ്യമാക്കുന്ന ദൈവമല്ലേ. മഹാ വൈദ്യനല്ലേ? ഞാൻ നിന്നോടു കൂടെയിരിക്കുകയില്ലേ? നിന്നെ അവിടെ സൂക്ഷിക്കുകയില്ലേ?" ദൈവശബ്ദം തന്നെ നിർബന്ധിക്കുന്നതായി അദ്ദേഹത്തിന് അനുഭവപ്പെട്ടു. ഇനി ഒരു ഒഴിവുകഴിവും പറയുവാൻ സാധിക്കുകയില്ല. ആഫ്രിക്കയിലേക്ക് പോകണമെന്ന് ഉറപ്പായിക്കഴിഞ്ഞു.




യാത്ര പുറപ്പെടേണ്ട ദിവസം സായാഹ്നത്തിൽ സ്റ്റഡ് ഭാര്യയുമായി സംസാരിച്ചിരിക്കുമ്പോൾ യുവാവായ കുടുംബ സുഹൃത്ത് അവരുടെ അരികിലെത്തി ചോദിച്ചു.

താങ്കൾക്ക് 50 വയസ്സായി. രോഗിയാണ്. ഈ സാഹചര്യത്തിൽ സ്വന്തം ഭാര്യയെയും മക്കളെയും രാജ്യത്തെയും വിട്ടു പിരിഞ്ഞ് ആഫ്രിക്കയിലേക്ക് മിഷണറിയായി പോകുവാനുള്ള പ്രചോദനമെന്താണ്?

ആ ചോദ്യം സ്റ്റഡിനെ അത്ഭുതപരതന്ത്രനാക്കി. "യേശുക്രിസ്തു ദൈവമെങ്കിൽ അവൻ എനിക്കുവേണ്ടിയാണ് മരിച്ചതെങ്കിൽ, ഞാൻ അവനു വേണ്ടി ചെയ്യുന്ന ഒരു ത്യാഗവും അധികമാവുകയില്ല." അദ്ദേഹത്തിന്റെ ഈ പ്രസ്താവന ലോക പ്രസിദ്ധമായി മാറി. പിന്നീട് ത്യാഗധീരരായ മിഷനറി പ്രവർത്തനത്തിന് അനേകരെ വെല്ലുവിളിച്ചതും ഈ വാക്കുകളായിരുന്നു. തനിക്കുവേണ്ടി ജീവൻ നൽകിയ യേശുക്രിസ്തുവിനു വേണ്ടി മരിക്കുവാൻ തയ്യാറുള്ള ഒരു മനസ്സുമായാണ് സ്റ്റഡ് യാത്ര തിരിച്ചത്.



നരഭോജികളോട് അവർ സുവിശേഷം അറിയിച്ചു. നയൻഗാറ എന്ന സ്ഥലത്ത് അവർ ചെറിയ കുടിലു കെട്ടി താമസം ആരംഭിച്ചു. ആ കുടിലിന് അവർ ബക്കിംഗ്ഹാം രാജ കൊട്ടാരത്തിന്റെ പേരു നൽകി. ബെക്കിംഹാം കൊട്ടാരം. കൊട്ടാരത്തിന്റെ പേരുള്ള ആ കൊച്ചു കുടിലിൽ അവർ ലോകത്തിലെ ഒരു മണിമന്ദിരത്തിനും നൽകാനാവാത്ത ദൈവിക സുരക്ഷിതത്വവും സംരക്ഷണയും അനുഭവിച്ചു. പകൽ സമയത്തെ സുവിശേഷ പ്രവർത്തനങ്ങൾക്കു ശേഷം രാത്രി അവർ ബൈബിൾ തർജ്ജിമ ചെയ്തു. ആഫ്രിക്കയിൽ സ്റ്റഡ് വിശ്രമമില്ലാതെ വേല ചെയ്തു.



ഒരിക്കൽ കൂടി സ്റ്റഡ് ഇംഗ്ലണ്ടിലെത്തി. പ്രിസ്കില്ലയോടൊപ്പം ചെലവഴിക്കുവാൻ അദ്ദേഹത്തിന് വളരെ കുറച്ച് സമയം മാത്രമാണ് ലഭിച്ചിരുന്നത്. 13 വർഷത്തിനിടയിൽ കേവലം രണ്ടാഴ്ച മാത്രം.

കഷ്ടതയെങ്കിലും പ്രിസ്കില്ല സുവിശേഷ പ്രവർത്തനങ്ങളിൽ വളരെ സജീവമായി പങ്കെടുത്തിരുന്നു. പെൺമക്കളും അവരുടെ ഭർത്താക്കന്മാരും സുവിശേഷവേലയിൽ വ്യാപൃതരായിരുന്നു.

ആഫ്രിക്കയിലേക്ക് മിഷനറിമാരെ തേടിയുള്ള ഇംഗ്ലണ്ടിലൂടെ യാത്ര ആരംഭിച്ചു. തന്റെ ജന്മനാട്ടിലൂടെയുള്ള അവസാനയാത്ര. ഇംഗ്ലണ്ടിലെ സുവിശേഷകന്യകളിൽ മതിമയങ്ങിയിരിക്കുന്ന ക്രിസ്തു സമൂഹത്തിന് അദ്ദേഹത്തിന്റെ സന്ദേശം ശക്തമായ വെല്ലുവിളിയായി.

"ക്രിസ്തു ആത്മീയ വിശപ്പ് അനുഭവിക്കുന്നവനെ തേടിയാണ് വന്നത്. നിറഞ്ഞിരിക്കുന്നവനെ അവന് ആവശ്യമില്ലായിരുന്നു. ക്രിസ്തു നഷ്ടപ്പെട്ടുപോയ പാപികളെ തേടിയാണ് വന്നത്. മണി മന്ദിരങ്ങളും, ദേവാലയങ്ങളും സ്ഥാപിക്കാനല്ല വന്നത്. അവൻ സാത്താന്റെ അടിമത്വത്തിൽ കിടക്കുന്നവരെ ജീവിക്കുന്ന ദേവാലയങ്ങളാക്കി തീർത്തു."



"യേശുക്രിസ്തുവാണ് ആദ്യ വിദേശ മിഷനറി. അവൻ സ്വർഗ്ഗത്തിലെ സകല മഹത്വവും ഉപേക്ഷിച്ച് ഈ പാപം നിറഞ്ഞ ഭൂമിയിലേക്ക് സുവിശേഷവുമായി മരിക്കുവാൻ കടന്നു വന്നു. യേശുക്രിസ്തുവിന്റെ ആഹ്വാനം എന്നെ അനുഗമിക്കുക എന്നതാണ്. ശരി കർത്താവേ എന്ന് നാം അതിനു മറുപടി നൽകും. പക്ഷേ അതിനു വലിയ വില നൽകേണ്ടി വരുമ്പോൾ നാം പിന്നോട്ട് മാറുന്നു."

ഈ സന്ദേശങ്ങൾ അനേക ജീവിതങ്ങളെ ചലിപ്പിച്ചു. സ്റ്റഡ് അനേക സഹായവുമായി ആഫ്രിക്കയിലേക്ക് മടങ്ങി പോയി. രോഗാവസ്ഥയിൽ മടങ്ങി പോകുവാൻ നിർബന്ധിച്ചെങ്കിലും അദ്ദേഹം കിന്താസ്യാനം ചെയ്തു.

1926-ൽ പ്രിസ്കില്ല ആഫ്രിക്കയിലെത്തി, സ്റ്റഡിനെ സന്ദർശിച്ചു. രണ്ടാഴ്ചക്കാലം അവർ ഒരുമിച്ച് താമസിച്ചു.

രോഗം കാർന്നുതിന്നുന്ന ശരീരം എല്ലുംതോലുമായെങ്കിലും ഒരു നിമിഷം പോലും സ്റ്റഡ് നഷ്ടമാക്കിയില്ല. "ഭൗമിക ജീവിതം, അത് വേഗം തീർന്നു പോകും. ക്രിസ്തുവിനു വേണ്ടി ചെയ്യുന്നത് മാത്രം നിലനിൽക്കും." അദ്ദേഹം ആവർത്തിച്ച് ഓർമ്മിപ്പിച്ചു.

കോംഗോയിലെ കറുത്ത വർഗ്ഗക്കാരിൽ നിന്നും ചിലർ മിഷനറി പ്രവർത്തനത്തിനായി മുന്നോട്ട് വന്നു. മറ്റ് ദേശത്തേക്ക് അവരെ അയച്ചു. തന്റെ പ്രാർത്ഥനകളുടെ സഫലീകരണമായിരുന്നു അത്. നിങ്ങളുടെ മധ്യത്തിൽ ഞാൻ ഇനി അധികകാലം കാണുകയില്ല. ദൈവത്തിൽ മാത്രം ആശ്രയിക്കുക. അവൻ നിങ്ങളോട് കൂടെയുണ്ട്. അവന് മരണമില്ല. സുവിശേഷ വേലയുമായി മുന്നോട്ട് പോകുക. ധൈര്യപ്പെടുക. ദൈവത്തിന്റെ കൊടി ഈ ഭൂമിയിൽ ഒരിക്കലും താഴ്ത്തിക്കളയരുത്. വലിയ വിജയങ്ങൾ നേടുവാനുള്ള ഒരു സൈനികന്റെ സ്വഭാവത്തോടെ നിങ്ങൾ മുന്നോട്ട് പോകുക.



ഒരു കാലത്ത് നരഭോജികളും മന്ത്രവാദികളും മദ്യപാനികളും കൊലപാതകികളും ആയിരുന്നവരെ ദൈവത്തിനു വേണ്ടി പ്രയോജനപ്പെടുത്തുവാൻ അദ്ദേഹത്തിന് സാധിച്ചു.

1931 ജൂലൈ മാസത്തിൽ സ്റ്റഡിന്റെ അനാരോഗ്യനില തീർത്തും വഷളായി. ജൂലൈ 16 വ്യാഴാഴ്ച അദ്ദേഹം താൻ പ്രിയം വച്ച നാട്ടിലേക്ക് യാത്രയായി. മഹത്തായ ഒരു ഇന്നിംഗ്സിന് ഇതോടെ താൽക്കാലിക വിരാമമായി. ഇനി വിശ്രമിച്ചുകൊൾക എന്ന് തന്റെ പ്രിയ ദാസനോട് കർത്താവ് അരുളിച്ചെയ്തു. ആയിരക്കണക്കിന് കറുത്ത വർഗ്ഗക്കാർ ശവസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

വർഷങ്ങൾക്കു മുമ്പ് തന്നെ സ്റ്റഡ് രൂപകല്പന ചെയ്ത സൈനികൻ വിജയൻ എന്നെഴുതിയ പതാക മിഷനറിയായ അദ്ദേഹത്തിന്റെ ശരീരത്തിൽ പുതപ്പിച്ചു.

സി.റ്റി. സ്റ്റഡിന്റെ ഭൗതിക ശരീരം ഇബാംബെയിലെ ഒരു കുടിലിനോട് ചേർത്ത് സംസ്കരിച്ചു.

സ്റ്റഡ് നിത്യതയിലേക്ക് ചേർക്കപ്പെട്ടിട്ട് പതിറ്റാണ്ടുകൾ പലതു കഴിഞ്ഞു. ലോക മിഷനറി ചരിത്രത്തിൽ ഒട്ടേറെ മുന്നേറ്റങ്ങളുണ്ടായി. ഒട്ടേറെ സമർപ്പിതരായ മിഷനറി പ്രവർത്തകരുണ്ടായി. എന്നാൽ ചരിത്രത്തിൽ സി.റ്റി. സ്റ്റഡിന്റെ സ്ഥാനം അതുല്യമാണ്. 'നിന്നെക്കാൾ സ്നേഹിപ്പാൻ എന്റെ ആയുസ്സിൽ ഒന്നുമുണ്ടാകയില്ല കർത്താവേ' എന്ന പ്രാർത്ഥന അദ്ദേഹത്തെ വേറിട്ടു നിർത്തി.

സ്റ്റഡിന്റെ ജീവിതവും സംഭാവനകളും സംബന്ധിച്ച വിവരങ്ങൾ ഇന്നും പൂർണ്ണമായ നിലയിൽ നമുക്ക് അറിയുവാൻ സാധിച്ചിട്ടില്ല. അതു പൂർണ്ണമായി നാം അറിയുന്ന ഒരു ദിനം ആസന്നമാവുകയാണ്. പുനരുത്ഥാനത്തിന്റെ പുലരിയിൽ കോംഗോയുടെ മണ്ണിൽ നിന്ന് ആ ഭക്ത ഭൃത്യൻ തേജസ്കരിക്കപ്പെട്ട ശരീരത്തോടെ താൻ ഏറ്റവും അധികം സ്നേഹിച്ച യേശു കർത്താവിന്റെ മുമ്പിൽ നിൽക്കും. നീതിയുള്ള ന്യായാധിപതിയായ കർത്താവ് പ്രതിഫലങ്ങൾ നൽകുന്ന നിമിഷങ്ങളിൽ കോടാനുകോടി വിശുദ്ധന്മാരുടെ മധ്യത്തിൽ വച്ച് സ്റ്റഡിന്റെ അദ്ധ്യായം പൂർണ്ണമായും വെളിപ്പെട്ടു വരും...



ഈ മിഷനറി ചരിത്രം നമുക്ക് ഒരു പ്രചോദനമായിത്തീർന്നുവെങ്കിൽ, സുരക്ഷിത മേഖലയ്ക്കു പുറത്തേക്കു ചാടുവാൻ ഒരു തീരുമാനമെടുത്തിരുന്നുവെങ്കിൽ...

## വിശ്വസിക്കുവാൻ കൊള്ളാത്തവനോ...

ലിവന. ചിന്നു ദാനിയേൽ.

സത്യവും സ്വപ്നം

ഒരിക്കൽ ഞാൻ പ്രതീക്ഷിച്ചു എന്റെ അവിശ്വസ്തത്തിന്,
എന്നാൽ പിന്നീട് മനസ്സിലായി അവൻ വിശ്വസിക്കുവാൻ
കൊള്ളാത്തവനാണെന്ന്. വിശ്വസിക്കുവാൻ കൊള്ളാത്തവരുടെ
കൂട്ടത്തിലേക്ക് ദൈവ വിനെയും നാം തള്ളിയിടുകയാണ്.




# വിശ്വസിക്കുവാൻ കൊള്ളാത്തവനോ...

ലിവന. ഷിബു ഡാനിയേൽ.

വായനാഭാഗം: സദൃശവാക്യങ്ങൾ 3:5 "പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക; സ്വന്ത വിവേകത്തിൽ ഊന്നരുത്"

പൂർണ്ണമായും ദൈവത്തിൽ ആശ്രയിക്കാത്ത ഒരുവൻ എപ്പോഴും ബുദ്ധിമണ്ഡലത്തിൽ നിന്ന് പ്രവർത്തിക്കുവാനാണ് ആഗ്രഹിക്കുന്നത്. ദൈവത്തെ വിശ്വസിക്കാത്തവർ ബുദ്ധിപരമായി, തന്റെയോ മറ്റുള്ളവരുടെയോ അനുഭവത്തിന്റെ വെളിച്ചത്തിലായിരിക്കും കാര്യങ്ങളെ ചെയ്യുന്നത്. അവർ കാഴ്ചയുടെ ലോകത്തുനിന്നാണ് പ്രവർത്തിക്കുന്നത്. ബുദ്ധിയുടെ മണ്ഡലത്തിൽ തെളിവില്ലാത്തതിനെയെല്ലാം അവർ പുച്ഛിച്ചു തള്ളും. അവരുടെ ജ്ഞാനം അങ്ങനെ ചെയ്യുവാനെ അവരെ അനുവദിക്കുകയുള്ളൂ.

ചിലർ ദൈവവിശ്വാസികളെന്ന് മേനി നടിക്കും. ഗൗരവതരമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുമ്പോൾ സ്വന്ത വിവേകത്തെ ആശ്രയിക്കുകയും ചെയ്യും. ഇക്കൂട്ടർ ദൈവത്തെ ബഹുമാനപ്പെടുത്താത്തവരാണ്. അവരുടെ ന്യായം



എല്ലാത്തിനും ദൈവം, ദൈവം എന്നു പറഞ്ഞിരുന്നാൽ മതിയോ നമ്മുടെ ബുദ്ധിയും പ്രവർത്തിപ്പിക്കണ്ടേ എന്നാണ്. ഉദാഹരണമായി നമുക്ക് കുറച്ച് പണത്തിന് അത്യാവശ്യം വന്നു. നമ്മുടെ മുമ്പിൽ ചില സ്രോതസ്സ് നാം കണ്ടുവച്ചിട്ടുണ്ട്. കടം ചോദിക്കുവാനുള്ളവരുടെ പട്ടിക. കടം ചോദിക്കുവാനായി ബുദ്ധി നമ്മെ ഉപദേശിച്ചു നിർത്തിയിരിക്കുകയാണ്. എന്നാൽ നമ്മുടെ തീരുമാനം ചോദ്യം അവസാന നിമിഷത്തിലാകാം എന്നാണ്. കാരണം 'ഞാൻ ഒരു വിശ്വാസിയായി പോയില്ലേ' ദൈവത്തിനു സമയം കൊടുത്തില്ലായെന്നു വേണ്ട. അങ്ങനെ നാം ദൈവത്തിനനുവദിച്ചിരിക്കുന്ന സമയത്തിന്റെ പരിധി ലംഘിക്കുമ്പോൾ ബുദ്ധി ഉണരും. [സ്വന്ത വിവേകം]. ഇനിയും താമസിപ്പിച്ചിട്ടു കാര്യമില്ല. പിന്നെ എല്ലാം പ്രയത്നത്തിലാണ്.

നാം കടം ചോദിക്കുവാൻ ചെന്നു നിൽക്കുന്നവന്റെ അടുത്ത് കടം ചോദിക്കുമ്പോൾ അങ്ങേയറ്റത്തിൽ ആവശ്യം അറിയിക്കുമ്പോൾ നാം പറയാതെ പറയുന്ന ഒരു കാര്യം ഉണ്ട്. ഇത്രയും സമയം ഒരാളെ ഞാൻ പ്രതീക്ഷിച്ചു എന്റെ ആവശ്യത്തിന്, എന്നാൽ ഇപ്പോൾ മനസ്സിലായി അവൻ വിശ്വസിക്കുവാൻ കൊള്ളാത്തവനാണെന്ന്. വിശ്വസിക്കുവാൻ കൊള്ളാത്തവരുടെ കൂട്ടത്തിലേക്ക് യേശുവിനെയും നാം തള്ളിയിടുകയാണ്.

എന്നാൽ ദൈവത്തെ അന്വേഷിക്കുന്ന വ്യക്തികൾ അങ്ങനെയല്ല, ദൈവത്തിന് സമയം അനുവദിക്കുകയുള്ള പ്രകൃത, തന്നിൽ പ്രവർത്തിക്കുവാൻ ദൈവത്തെ അനുവദിക്കുകയാണ്. അവന്റെ മുമ്പിലും പല പരമായി അനേകം പ്രശ്നങ്ങളുണ്ടാകും. എന്നാൽ പൂർണ്ണ ഹൃദയത്തോടെ ദൈവത്തിൽ ആശ്രയിക്കുന്നവൻ പറയുന്നത് 'അവൻ എന്നെ കൊന്നാലും ഞാൻ അവനെത്തന്നെ കാത്തിരിക്കും. ഞാൻ എന്റെ നടപ്പു അവന്റെ മുമ്പാകെ തെളിയിക്കും. [ഇയ്യോബ് 13:15]



1897ലെ ഒരു വേനൽ ദിനത്തിൽ ഒരു പത്ര പ്രവർത്തകൻ മുള്ളറിനോട് ഒരു അഭിമുഖത്തിനെത്തി. 'നിങ്ങൾക്ക് എല്ലായ്പ്പോഴും ആവശ്യത്തിന് പണം ലഭിച്ചുവോ? ദൈവം തന്റെ വാഗ്ദത്തം എല്ലായ്പ്പോഴും വിശ്വസ്തതയോടെ നിറവേറ്റിയോ' അയാൾ ചോദിച്ചു.

'തീർച്ചയായും' മുള്ളറിന്റെ ശബ്ദത്തിന് വാർദ്ധക്യം പിടിച്ചിട്ടില്ല. 'ഇപ്പോൾ ഏതാണ്ട് ഏഴു പതിറ്റാണ്ടാകുന്നു. ഈ പ്രവർത്തനമാരംഭിച്ചിട്ട്. ഒരിക്കൽ പോലും ഈ കുട്ടികളുടെ അന്നം മുടങ്ങിയിട്ടില്ല. ഒരു പെനി പോലുമില്ലാതെയാവും ചിലപ്പോൾ ദിവസം ആരംഭിക്കുക. എന്നാൽ കൃത്യ സമയത്ത് ദൈവം എല്ലാം മനോഹരമായി നിർവഹിക്കുന്നു!

...'മുള്ളർ, ഞാൻ താങ്കളുടെ ജീവ ചരിത്രം വായിച്ചിട്ടുണ്ട്. താങ്കൾ വിശ്വാസത്തിന്റെ പരിശോധനയിലൂടെ കടന്നു പോയ ചരിത്രം അത് എപ്പോഴും അങ്ങനെയാണോ'?



'ചിലപ്പോഴൊക്കെ ഞങ്ങളുടെ ഫണ്ട് തീർന്നുപോക കാണാറുണ്ട്. ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല. ഉപേക്ഷിക്കുകയുമില്ല. ദൈവത്തിന് പ്രവർത്തിക്കാൻ കഴിയുന്നതിന് പരിധിയില്ല. ഒന്നും അവനെന്നെ ഉപേക്ഷിച്ചിട്ടില്ല.'

'തീരെ നിവൃത്തിയില്ലാതെ വരുമ്പോൾ ഉപയോഗിക്കുവാൻ നിങ്ങൾക്ക് റിസർവ്വ് ഫണ്ട് [കരുതൽ പണം] ഒന്നുമില്ലേ?'

'അങ്ങനെയൊന്ന് ഒരു വിശ്വസ്തനായ സഹോദരൻ' സിസ്റ്ററിന്റെ ശബ്ദം കൂടുതൽ കനമുള്ളതാക്കി. അങ്ങനെയൊരു ഫണ്ട് സൂക്ഷിച്ചുകൊണ്ട് എങ്ങനെ പ്രാർത്ഥിക്കുവാൻ കഴിയും? എന്തിനാണ് അങ്ങനെയൊരു ഫണ്ട്? ഞങ്ങളുടെ റിസർവ്വ് ഫണ്ട് സ്വർഗ്ഗത്തിലാണ്. ഞങ്ങൾ ആശ്രയിക്കുന്നത് ജീവിക്കുന്ന ഒരു ദൈവത്തെയാണ്.'

ദൈവത്തിൽ പൂർണ്ണമായും ആശ്രയിച്ച് സ്വന്തം വിവേകത്തിൽ ഒരിക്കൽ പോലും ചായാതെ രണ്ടായിരത്തിലേറെ അനാഥക്കുഞ്ഞുങ്ങൾക്ക് ദിനം തോറും ആഹാരവും വസ്ത്രവും പാർപ്പിടവും വിദ്യാഭ്യാസവും നൽകി ഒരിക്കൽ പോലും മനുഷ്യരോടും ഒരു സഹായവും ആവശ്യപ്പെടാതെ ജീവിച്ച മിഷനറി ജോർജ്ജ് മുള്ളർ എന്ന മഹാനായ മനുഷ്യന്റെ ആശ്രയത്തിന്റെ ചില വരികളാണ് മുകളിൽ കുറിച്ചത്.

'പ്രത്യാശയോടെ വിശ്വസിക്കുന്നവൻ ഭ്രമിക്കുകയില്ല' എന്ന ദൈവവചനം പറയുന്നു. തന്റെ വിവേകത്തിലല്ല അവൻ ആശ്രയിക്കുന്നത് മറിച്ച് ദൈവത്തിന്റെ പരമാധികാരത്തിലാണ് അവൻ പ്രത്യാശിക്കുന്നത്. അവനു പല സ്രോതസ്സില്ല. ഒരേ ഒരു സ്രോതസ്സ് മാത്രം. സകല നന്മകളുടെയും ഉറവിടമായ യേശു മാത്രം.

പ്രാർത്ഥന: കർത്താവേ ഞാനും പലപ്പോഴും മനുഷ്യരുടെ മുമ്പിൽ നിന്നെ വിശ്വസിക്കുവാൻ കൊള്ളാത്തവളെന്ന് തെളിയിച്ചിട്ടുണ്ട്. എന്നാൽ ഇനിയും എന്റെ കരുതൽ പണത്തിലല്ല' നിന്റെ പരമാധികാരത്തിലാണ് ഞാൻ ആശ്രയിക്കുന്നത്. യേശു അല്ലാതെ എനിക്കൊരു നന്മയും വേണ്ട. അതിനായി എന്നെ ശക്തിപ്പെടുത്തണമേ... ആമേൻ.

# ചില ചിന്തകൾ

സാധു കൊച്ചുകുഞ്ഞ് ഉപദേശിയുടെ ഗാനങ്ങൾ.



ചില പാട്ടുകൾ

സാധു കൊച്ചുകുഞ്ഞു ഉപദേശിയുടെ ഗാനങ്ങൾ.

യേശുവേ നിൻ സ്നേഹമെന്നെ കാത്തു രക്ഷിച്ചു
നിൻ കൃപയിലിന്നയോളം നിന്നു പോരുവാൻ

നാശകരമാം ദുഷ്ടവഴി ചുറ്റി നടന്നു - നാശ
മിശ്രദേശത്തന്ധനായ് ഞാൻ മുമ്പു നടന്നു

പാപഭാരമെന്നിൽ നിന്നു നീക്കി നീയെന്നെ - ദൈവ -
കോപത്തീയിൽ വീഴാതെന്റെ ശാപം തീർത്തു നീ.

നാൾതോറുമെൻ ഭാരങ്ങളെ നീ വഹിക്കുന്നു - നിന്റെ
ഉദരമതിൽ ചുമന്നുകൊണ്ടു പാർക്കുന്നതു നീ

പാപത്തിന്റെ ശോധനകൾ വർദ്ധിച്ചിടുമ്പോൾ - നാശ
പാപം ചെയ്യാതെന്നിൽ കൃപ തന്നു പാലിക്ക

ഈ മരുവിൽ ഞാനിടറി വീണു
പോകാതെ - സർവ്വ -
ദുർമോഹവുമെന്നിൽ നിന്നു ദൂരെ നീക്കുക

ലോക സ്നേഹം പൂണ്ടു ദാസൻ ദേമാസാകാതെ -
എന്നെ
ലോകത്തിൽ നീ അന്യനായ് കാത്തുകൊള്ളേണം

പടയാറുലക്ഷം യോദ്ധാക്കളായി എണ്ണിയവരിൽ - അന്ത്യം
രണ്ടു പേരായ് തീർന്നതോർക്കിൽ ഭീതിയുണ്ടെന്നിൽ

ദുഃഖത്തിലും ക്ഷാമത്തിലും രോഗവേള നീ മാത്രം - എന്നെ
ക്ഷേമമായി പാലിക്കുന്നു നിർദ്ദേവനെ നീ

ചിറു ചിറുപ്പം മുതലിപ്പം വന്നു പോകാതെ - എന്നെ
കരങ്ങളിൽ നീ പരിപാലിക്ക പരമരാജനേ

സ്വർഗ്ഗനാഥൻ നാട്ടിലെൻ പാദം വെക്കുവാൻ - ഇനി
എത്രനാൾ ഞാൻ ക്ഷോണിതന്നിൽ കാത്തു പാർക്കണം

# ചോദ്യാവലി.



## ചോദ്യാവലി.

i. തിബെര്യൊസ് കൈസരുടെ എത്രാമത്തെ വർഷമാണ് യോഹന്നാൻ സ്നാപകൻ ശുശ്രൂഷ ആരംഭിക്കുന്നത്?

ii. എനിക്കു ഒരു പുരുഷ സന്താനത്തെ നല്കിയാൽ എന്തൊക്കെ നല്കാമെന്നാണ് ഹന്നാ ദൈവത്തോട് നേർച്ച നേർന്നത്?

iii. യഹോവ ശമുവേലിനോട്; അവന്റെ മുഖമോ പൊക്കമോ നോക്കരുത്; ഞാൻ അവനെ തള്ളിക്കളഞ്ഞിരിക്കുന്നു. മനുഷ്യൻ നോക്കുന്നതു പോലെയല്ല; മനുഷ്യൻ കണ്ണിനു കാണുന്നതു നോക്കുന്നു. യഹോവയോ ഹൃദയത്തെ നോക്കുന്നു. ആരെ കുറിച്ചാണ് യഹോവ ശമുവേലിനോട് പറഞ്ഞത്?

ഉത്തരങ്ങൾ അയക്കേണ്ട വിലാസം agape.magasine.@ gmail.com, or agape@agapemagazine.com

കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ

i. യിസ്രായേൽ മക്കൾക്ക് വെളിപ്പെടുത്തുവാൻ മോശെക്കു ദൈവം കൊടുത്ത തന്റെ നാമം ഏത്?


ഉത്തരം: ഞാൻ ആകുന്നവൻ ഞാൻ ആകുന്നു [പുറ. 3:14]

ii. സ്വന്തം മകനെ മുലകൊടുത്ത വളർത്തിയതിനു ശമ്പളം പറ്റിയ സ്ത്രീ?

ഉത്തരം: യോഖേബെദ് - മോശെയുടെ അമ്മ.

iii. യേശു കർത്താവു തന്റെ ഐഹിക ജീവകാലത്ത് ചെയ്ത രണ്ടാമത്തെ അത്ഭുതം ചെയ്ത സമയം?

ഉത്തരം: ഏഴുമണി [യോഹന്നാൻ 4:52.]





*follow us:*

+971 50 3243161

Gmail agape.magasine@gmail.com

http://www.facebook.com/pages/Agape-Magasine

web : www.agapemagazine.com